## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 43 — 10/06/2014-ൽ മറുപടിക്ക്

# അറ്റകുറ്റപ്പണികൾക്കിടയിലുണ്ടാകുന്ന അപകടമരണങ്ങൾ

**ചോദ്യം**

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
,, എൻ. എ. നെല്ലിക്കുന്ന്
,, പി. ഉബൈദുള്ള
,, കെ. എം. ഷാജി

**മറുപടി**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

(എ) ലൈനുകളിലെ അറ്റകുറ്റപ്പണികൾക്കിടയിലും പോസ്റ്റുകളിലൂടെ വലിച്ചിട്ടുള്ള കേബിളുകളിൽ നിന്നും വൈദ്യുതാഘാതമേറ്റുണ്ടാകുന്ന അപകടമരണങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എ) ഉണ്ട്.

(ബി) എങ്കിൽ ഇത്തരം അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള സുരക്ഷാ ക്രമീകരണങ്ങൾ എന്തെല്ലാമാണെന്നും ഇവ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ എന്നറിയുന്നതിനുള്ള പരിശോധനാ സംവിധാനമെന്താണെന്നും വ്യക്തമാക്കാമോ;

(ബി) അറ്റകുറ്റപ്പണികൾ ചെയ്യുമ്പോൾ സുരക്ഷാ ക്രമീകരണങ്ങൾ നിർബന്ധമായും പാലിക്കുന്നതിന് 'പെർമിറ്റ് റ്റു വർക്ക്' (PTW) സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്. അതു പാലിക്കുന്നു എന്ന് ഉറപ്പു വരുത്തുന്നതിന് സുരക്ഷാ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പണികൾ ആരംഭിക്കുന്നതിനുമുമ്പ് സുരക്ഷാ ക്രമീകരണങ്ങൾ പൂർത്തിയാക്കിയത് രേഖപ്പെടുത്തുന്ന ഈ അനുമതി പത്രിക, മേൽനോട്ടം വഹിക്കുന്ന ആളും അറ്റകുറ്റപ്പണികൾ നിർവഹിക്കുന്നവരും ഒപ്പിട്ട് ഉറപ്പാക്കുന്നതും എല്ലാ ജോലികളും സുരക്ഷാക്രമീകരണങ്ങൾ പൂർത്തിയാക്കിയ ശേഷം മാത്രമേ ആരംഭിക്കാവൂ എന്ന നിർബന്ധപൂർവ്വം നിർദ്ദേശിക്കുന്നതുമായ സമ്പ്രദായമാണ്. അനധികൃത കേബിളുകൾ

വൈദ്യുത പോസ്റ്റിൽ നിന്നും മാറ്റുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. അറ്റകുറ്റപ്പണികൾ നടത്തുമ്പോൾ വൈദ്യുതി സുരക്ഷാ ഉപകരണങ്ങൾ നിർബന്ധമായും ഉപയോഗിക്കണമെന്നും ആയത് ആവശ്യാനുസരണം ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്നും എല്ലാ ആഫീസുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ലൈനുകളിലെ പണികൾ പൂർണ്ണമായി(സി) കോൺട്രാക്ട് നൽകുന്നതും വർക്ക് സൈറ്റുകളിൽ ബോർഡ് ഉദ്യോഗസ്ഥരുടെ അസാന്നിദ്ധ്യവും അപകടങ്ങൾ വർദ്ധിക്കാൻ കാരണമാകുന്നുണ്ടെന്ന കാര്യം പരിശോധിക്കുമോ ?

ഇലക്ട്രിക് ലൈനുകളിലെ പ്രവൃത്തികൾ സൂപ്പർവൈസർമാരുടെ മേൽനോട്ടത്തിലാണ് നടത്തുന്നത്. ലൈനുകളിലെ പണികൾ പൂർണ്ണമായും കോൺട്രാക്ട് നൽകാറില്ല.

**സെക്ഷൻ ഓഫീസർ**